Draft #3 of File 52439/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Jan-2020 03:38 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പിലേക്കുള്ള പ്രവേശനുമായി ബന്ധപ്പെട്ട് 03/01/2020 ന് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ ചേർന്ന CAT 2020 മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 183/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.01.2020

---

പരാമർശം:-(1) സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പിലേക്കുള്ള പ്രവേശനുമായി ബന്ധപ്പെട്ട് 03/01/2020, 03.00 പി.എം ന് രജിസ്ട്രാറുടെ ചേമ്പറിൽ രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ ചേർന്ന CAT 2020 മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗം.

**ഉത്തരവ്**

മേൽ പരാമർശം (1) പ്രകാരം ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ തീരുമാനിച്ചു.

1. ഓൺലൈൻ ചോദ്യബാങ്ക് സോഫ്റ്റ്‌വെയർ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും CAT 2020 പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വെബ്സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ACB VII സെക്ഷൻ തയ്യാറാക്കിയിട്ടുള്ള നിർദേശങ്ങളും (അനുബന്ധമായി ചേർത്തിരിക്കുന്നു) പഠിച്ച് അഭിപ്രായം അറിയിക്കുവാൻ രൂപീകരിച്ച സമതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് യോഗത്തിൽ അംഗീകരിച്ചു (റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു). യു.ജി പ്രോഗ്രാമുകളിലേക്കായുള്ള ഓൺലൈൻ ചോദ്യബാങ്ക് സോഫ്റ്റ്‌വെയറിനും CAT പരീക്ഷയ്ക്കായുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിനുമായി വാർഷിക പരിപാലന കരാറിൽ ഏർപ്പെടുവാൻ ശിപാർശ ചെയ്യുന്നു. അതുപോലെ CAT പരീക്ഷയ്ക്കുള്ള ചോദ്യബാങ്ക് സോഫ്റ്റ്‌വെയറിൻറെ സുരക്ഷ ഉറപ്പാക്കുന്ന രീതിയിൽ Security Features പുതുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

2. CAT പരീക്ഷയ്ക്കായുള്ള ചോദ്യങ്ങൾ ഓൺലൈൻ ചോദ്യബാങ്ക് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്ത് വരുന്നതിൻറെ പുരോഗതി വിലയിരുത്തുവാനും ഇനി വരുന്ന CAT പരീക്ഷയുമായി ബന്ധപ്പെട്ടുള്ള വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുവാനും 10.01.2020, 03.00 പി.എം ന് എല്ലാ പഠന വകുപ്പ് മേധാവിമാരുടെയും യോഗം വിളിച്ച് ചേർക്കുവാൻ ശിപാർശ ചെയ്യുന്നു.

3. സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ ബിരുദാനന്തര ബിരുദ ക്ലാസുകൾ ജൂൺ 1 ന് ആരംഭിക്കത്തക്ക രീതിയിൽ ഏപ്രിൽ 25, 26 (ശനി, ഞായർ) തീയതികളിൽ എൻട്രൻസ് പരീക്ഷ നടത്തി മെയ് 15 ന് പരീക്ഷ ഫലം പ്രഖ്യാപിക്കുവാനും ശിപാർശ ചെയ്യുന്നു. തുടർന്ന് ബന്ധപ്പെട്ട

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പഠന വകുപ്പുകളിൽ സർവ്വകലാശാല തീരുമാനിച്ച പ്രകാരം എഴുത്തുപരീക്ഷ/ ഗ്രൂപ്പ് ഡിസ്കഷൻ/ ഇൻറർവ്യൂ നടത്തി അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് പ്രവേശനം നടത്തേണ്ടതാണെന്ന് ശിപാർശ ചെയുന്നു.അന്തിമ റാങ്ക് പട്ടിക പഠന വകുപ്പിലെ നോട്ടീസ് ബോർഡിലും സർവ്വകലാശാലയുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിനായി ബന്ധപ്പെട്ട സെക്ഷനിലേയ്ക്കും നൽകേണ്ടതാണ്.

4. കേരളത്തിന് വെളിയിൽ CAT പരീക്ഷ നടത്തുവാൻ കേന്ദ്രിയ വിദ്യാലയങ്ങൾ കിട്ടാതിരിക്കുന്ന പക്ഷം CBSE സ്കൂളുകളിലോ, വിവിധ സർവ്വകലാശാലകളുടെ അഫിലിയേറ്റഡ് കോളേജുകളോ പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

5. മുൻ വർഷം CAT അപേക്ഷാ ഫീസ് ജനറൽ വിഭാഗത്തിന് 1000 രൂപയും SC/ST വിഭാഗത്തിന് 500 രൂപയും ആയിരുന്നു. ഇത് ജനറൽ വിഭാഗത്തിന് 1100/- രൂപയും SC/ST വിഭാഗത്തിന് 550/- രൂപയുമായി പുതുക്കി നിശ്ചയിക്കുവാൻ ശിപാർശ ചെയ്യുന്നു.

6. CAT 2020-ന്റെ പ്രോസ്പെക്ടസ് പ്രിൻറ് ചെയ്യുന്നതിന് യോഗ്യരായ സ്ഥാപനത്തെ കണ്ടെത്തുന്നതിനായി ഡോ. സജിമോൻ എബ്രഹാം (SMBS)-നെ ചുമതലപെടുത്തുവാൻ ശിപാർശ ചെയുന്നു.

ബഹു: വൈസ് ചാൻസലർ സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം മേൽ ശിപാർശകൾ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്
(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
(5 ) എ.സി.എ 1, എ.സി.എ 5 , എ.ആർ 4 (അക്കാദമിക് )
(6) എ.ഡി. ബി 2 (CAT പരീക്ഷയ്ക്കായുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിൻറെ വാർഷിക പരിപാലന കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച നടപടികൾക്കായി)
(7) CAT പരീക്ഷാ മോണിറ്ററിംഗ് സമതി അംഗങ്ങൾ
(8) CITAD സെക്ഷൻ (CAT 2020 പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വെബ്സൈറ്റിൽ

Draft #3 of File 52439/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Jan-2020 03:38 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് അനുബന്ധമായി ചേർത്തിരിക്കുന്ന നിർദേശങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്)

അനുബന്ധം :- 1. ഖണ്ഡിക (1) ൽ പരാമർശിക്കുന്ന റിപ്പോർട്ട്
അനുബന്ധം :- 2. ഖണ്ഡിക (1) ൽ പരാമർശിക്കുന്ന ACB VII സെക്ഷൻ തയ്യാറാക്കിയിട്ടുള്ള നിർദേശങ്ങൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 52439/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Jan-2020 03:38 PM - Page 3

അനുബന്ധം - 1

# Minutes of the Committee to Examine the confidentiality of the Question Bank - whether accessible to the Company or not?

Convene CAT Meeting on 3-1-2020 3 p.m

Sd/ 28/12/19
REGISTRAR (I/

(1) The QB software is situated in the University server and is sold to the University as per the ~~license~~ agreement.

(2) The QB is accessible to the Company person only if the University ask them to do service the software, but always as per the confidential agreement.

(3) The company informed that the authority in charge of the QB has accessability to the QB; but the person can't see the bank as is visible to teachers and cannot edit it; but the person in charge can download ~~the~~ the QB for ~~editing~~ /writing print purpose in the paper form.

~~(3)~~ (4) The University authorities can look into the facts and take necessary actions to ensure the confidentiality of the QB.

Draft #2 of File 52439/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Jan-2020 03:28 PM - Page 4

Scanned by CamScanner

(5) The Committee recommended ~~the~~ the authorities to entrust modifications in the 'application submission software' as per the suggestions of the sections concerned.

(1) P. R. Biji

(2) Dr. J. V. Ray

(3) Dr. Anuj Mohamed

REGISTRAR (I/C)

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം

Scanned by CamScanner

അനുബന്ധം 2

**ഐ.റ്റി കോ. ഓർഡിനേറ്റർക്കുള്ള കുറിപ്പ്**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രവേശന പരീക്ഷയ്ക്ക് (CAT) ഓൺലൈൻ ആയി അപേക്ഷ സമർക്കുന്നതിനുള്ള വെബ്സൈറ്റ് ആയ www.cat.mgu.ac.in കൂടുതൽ ഉപഭോക്ത /വിദ്യാർത്ഥി സൗഹൃദമാക്കുന്നതിലേക്കും അടുത്ത അധ്യയന വർഷത്തിലെ പ്രവേശനുമായി ബന്ധപ്പെട്ട് വരുത്തേണ്ട മാറ്റങ്ങളും പരിഗണിച്ച് CAT പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വെബ്സൈറ്റിൽ താഴെ പറയുന്ന രീതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

1. മുൻ വർഷത്തെ CAT അപേക്ഷാ സമർപ്പണ വേളയിൽ ഒരു അപേക്ഷാർത്ഥി തന്നെ ഒന്നിൽ കൂടുതൽ അപേക്ഷകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. CAT പരീക്ഷയുടെ പ്രോസ്പെക്ടസ് പ്രകാരം ഒരു അപേക്ഷാർത്ഥി ഒരു പ്രോഗ്രാമിലേക്ക് ഒന്നിൽ കൂടുതൽ അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇതനുസരിച്ച് CAT പരീക്ഷയ്ക്ക് അപേക്ഷാ സമർപ്പിക്കുന്നതിനുള്ള പോർട്ടലിൽ അപേക്ഷാർത്ഥികൾക്ക് ഒരു പ്രോഗ്രാമിലേക്ക് ഒന്നിൽ കൂടുതൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്ത രീതിയിൽ ആവശ്യമായ മാറ്റം പോർട്ടലിൽ വരുത്താവുന്നതാണ്.

2. കാലികമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് വെബ്സൈറ്റ് ഡിസൈൻ ചെയ്ത് കൂടുതൽ ആകർഷകമാക്കാവുന്നതാണ്. (CAT അപേക്ഷ സമർപ്പണവുമായി ബന്ധപ്പെട്ട് കൊടുക്കുന്ന ലിങ്കുകൾ ഐക്കൺ മാത്രകയിൽ നൽകാവുന്നതും, സർവ്വകലാശാല/ പഠന വകുപ്പുകളുമായി ബന്ധപ്പെട്ട ഫോട്ടോകൾ വെബ്സൈറ്റിൽ നൽകുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. )

3. CAT പരീക്ഷയുടെ മുൻ വർഷ ചോദ്യങ്ങൾ അപേക്ഷാർത്ഥികൾക്ക് ലഭ്യമാക്കുവാൻ ഉത്തരവ് ആയിട്ടുണ്ട്, ഇതനുസരിച്ച് വെബ്സൈറ്റിൽ ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് സൃഷ്ടിക്കാവുന്നതാണ്.

4. CAT അപേക്ഷാർത്ഥികൾക്ക് അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന അപേക്ഷ നമ്പർ പിന്നീട് വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്യുന്നതിലേക്കും ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിലേക്കും ആവശ്യമുണ്ട്, പല വിദ്യാർത്ഥികളും അപേക്ഷാ നമ്പർ മറന്ന് പോകുന്ന സാഹചര്യം ഉള്ളതിനാൽ, സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള പ്രവേശനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള രീതിയിൽ അപേക്ഷ നമ്പർ പ്രസ്തുത അപേക്ഷർഥിയുടെ ഫോൺ നമ്പർ / ഇ- മെയിൽ അഡ്രസ് ഇവയിലേക്ക് നൽകാവുന്നതാണ്.

5. CAT പരീക്ഷയ്ക്കുള്ള അപേക്ഷാ നടപടി ക്രമങ്ങൾ അപേക്ഷാ ഫീസ് അടക്കുന്നതിലൂടെ പൂർത്തിയാകുന്നു. എന്നാൽ അതിന് ശേഷം അപേക്ഷാ സമർപ്പണം പൂർത്തീകരിച്ചു എന്ന് കാണിച്ചു കൊണ്ടുള്ള മെസ്സേജ് സ്ക്രീനിൽ കാണിക്കാത്തതിനാൽ ഇത് ചില അപേക്ഷാർത്ഥികൾക്ക് അപേക്ഷാ സമർപ്പണം പൂർത്തിയാക്കിയോ എന്നതിൽ സംശയത്തിന് ഇടയാക്കുന്നു. അതിനാൽ അപേക്ഷ സമർപ്പണം പൂർത്തിയാക്കിയിട്ടുള്ള എന്ന മെസ്സേജ് സ്ക്രീനിൽ കാണിക്കാവുന്നതും വിദ്യാർത്ഥികളുടെ ഫോൺ നമ്പർ/ ഇമെയിൽ ഇവയിലേക്ക് മെസ്സേജ് നൽകാവുന്നതാണ്.

6. ഭാരത സർക്കാറിൻറെ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആൻറ് എംപവർമെൻറ് മന്ത്രാലയത്തിൻറെ Guidelines for conducting written examinations for persons with bench mark disability 2018 ലെ നിർദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്. അതിനാൽ പ്രസ്തുത കാറ്റഗറിൽ ഉൾപ്പെട്ടവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ ചേർക്കേണ്ടതും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ പരീക്ഷാ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിലേക്കായി ബെഞ്ച് മാർക്ക് ഡിസബിലിറ്റി ഉള്ളവർ ഏത് പരീക്ഷാ കേന്ദ്രത്തിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നുള്ള ലിസ്റ്റ് ലഭിക്കത്തക്ക രീതിയിൽ അഡ്മിൻ പാനലിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.

7. സർവ്വകലാശാലയിലെ ഓരോ പഠന വകുപ്പുകൾക്ക് വേണ്ടിയും വെബ്സൈറ്റ് നിർമിച്ചിട്ടുണ്ട്. CAT അപേക്ഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്സൈറ്റിൻറെ ഹോം പേജിൽ നിന്ന് പഠന വകുപ്പുകളുടെ വെബ്സൈറ്റിലേക്ക് പ്രവേശിക്കുന്നതിനുള്ള ലിങ്ക് കൊടുത്താൽ അപേക്ഷ സമർപ്പണ വേളയിൽ തന്നെ അതാത് പഠന വകുപ്പുമായി

Scanned by CamScanner

ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങൾ അപേക്ഷാർത്ഥികൾക്ക് പ്രസ്തുത ലിങ്കിലൂടെ പഠന വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രവേശിച്ച് മനസിലാക്കുവാൻ സഹായകരമാകും. ഇതനുസരിച്ചുള്ള മാറ്റം പോർട്ടലിൽ വരുത്താവുന്നതാണ്

8 . മുൻ വർഷം മുതൽ ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേക്ക്അപേക്ഷ സ്വീകരിക്കുന്നതിനുള്ള സൗകര്യം പോർട്ടലിൽ ഏർപ്പെടുത്തിയിരുന്നു. എന്നാൽ അപേക്ഷ സമർപ്പണ വേളയിൽ ചില വിദ്യാർത്ഥികൾക്ക് ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേക്ക് അപേക്ഷാ സമർപ്പിക്കുന്നതിന് ചില സംശയങ്ങൾ നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്ന രീതിയിൽ പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾവരുത്താവുന്നതാണ്.

09. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ആരംഭിച്ച എം.എ സോഷ്യൽ വർക്ക് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ എന്ന പ്രോഗ്രാമും സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്സിലെ ബി.ബി.എ എൽ.എൽ.ബി, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ്സയൻസസിലെ പ്രോഗ്രാമുകളും അടുത്ത അധ്യയന വർഷം മുതൽ പ്രവേശനം ആരംഭിക്കേണ്ടതുണ്ട്. ഇതനുസരിച്ച് പ്രസ്തുത പ്രോഗ്രാമുകൾക്കു കൂടി പ്രവേശനത്തിനുള്ള സൗകര്യം ഏർപ്പെടുത്തക്ക രീതിയിൽ പോർട്ടലിൽ മാറ്റംവരുത്താവുന്നതാണ്.

10. CAT വെബ്സൈറ്റിൻറെ അഡ്മിൻ പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യെടുക്കുന്ന റാങ്ക് ലിസ്റ്റ് പ്രിപ്പറേഷന് വേണ്ടി ഉള്ള ഫയലുകൾ സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെ ചില കംപ്യൂട്ടറുകളിൽ ഓപ്പൺ ആകുന്നില്ല എന്ന പരാതി മുൻവർഷംചില പഠന വകുപ്പുകളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

11. സർവ്വകലാശാല ഉത്തരവ് 5178/എ.സി.ബി 7/2019/എം.ജി.യു 25.10.2019 പ്രകാരം അടുത്ത അധ്യയന വർഷം മുതൽ സെൻറ്റിഫിക് കാൽക്കുലേറ്റർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് ഉത്തരവായിരുന്നു. അതിൻ പ്രകാരം CAT പരീക്ഷാ നിർദേശങ്ങൾ അടങ്ങിയ ഹാൾ ടിക്കറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

12. CAT അപേക്ഷയുമായി ബന്ധപ്പെട്ട ഉത്തരവുകൾ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി വെബ്സൈറ്റിൽ ലിങ്ക് നൽകാവുന്നതാണ്.

13. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസിൽ നടത്തുന്ന എം.പി.എഡ് പ്രോഗ്രാമിലെ കോഴ്സുകളും അടുത്ത അധ്യയന വർഷം മുതൽ പ്രവേശനം നടത്തുന്നുണ്ട്.പഠന വകുപ്പുകൾക്ക് അവരുടെ യൂസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രസ്തുത പഠന വകുപ്പുകളിലെ അപേക്ഷാർത്ഥികളുടെ വിവരങ്ങൾ മനസിലാക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ സൗകര്യം പുതിയതായി CAT പരീക്ഷയുടെ കീഴിൽ വരുന്ന പഠന വകുപ്പിനും ഏർപ്പെടുത്താവുന്നതാണ്.

14. CAT പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്സൈറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗത്ത് കഴ്സർ പോയിൻ്റ് കാണുവാൻ സാധിക്കുന്നില്ല. ഇത് അപേക്ഷകർക്ക് സംശയങ്ങൾക്ക് ഇടയായാകുന്ന സാഹചര്യം ഉണ്ട്. ഇത് പരിഹരിക്കാവുന്നതാണ്.

15. CAT പരീക്ഷയ്ക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അപേക്ഷാർത്ഥികൾ അവരുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതായുണ്ട്. ചില അപേക്ഷാർത്ഥികൾ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾക്ക് വ്യക്തത ഇല്ലാത്തതിനാൽ പരീക്ഷാ കേന്ദ്രങ്ങളിലുള്ള പരിശോധന സമയത്തും സർട്ടിഫിക്കറ്റ് പരിശോധന സമയത്തും ബുദ്ധിമുട്ടുണ്ടാകാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ട സമയത്ത് താഴെ പറയുന്ന രീതിയിലുള്ള നിർദേശം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

1. You can either take a new photograph or recent passport size photograph with good quality
2. The dimensions of the photo should be 200px X 150 px, The image format can be JPG, JPEG, PNG or GIF. file size below 30 kb

Draft #3 of File 52439/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Jan-2020 03:38 PM - Page 7

Scanned by CamScanner

3. The picture should be in colour, against light coloured background, preferably white. Look straight at the camera with a relaxed face.
4. Make sure the uploading photograph is straight and not tilted
5. Do not upload selfies, group photos and casual photos
6. Caps, dark glasses are not acceptable. If you were glasses make sure that there are no reflection and your eyes can be clearly seen.

16. അപേക്ഷാ സമർപ്പണ വേളയിൽ ക്വാളിഫിക്കേഷൻ സെലക്ട് ചെയ്യുന്ന ഭാഗത്ത് TO BE SELECTED BY APPLICANTS FOR MA,MSC,MTTM&LLM എന്നുണ്ട് ഇത്തവണത്തെ പ്രവേശനത്തിന് എൽ.എൽ.ബി, എം.പി.എഡ് എന്നീ പ്രോഗ്രാമുകൾ കൂടി വരുന്നുണ്ട്. ഇതുസരിച്ച് TO BE SELECTED BY APPLICANTS FOR MA,MSC,MTTM, LLM,LLB & M.PEd എന്ന രീതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

17. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഹോം പേജിൽ കാറ്റഗറി എന്ന ഓപ്ഷൻ ഉണ്ട്. ഇതിൽ ക്ലിക്ക് ചെയ്യുമ്പോൾ SC/ST, Others എന്നീ രണ്ട് ഓപ്ഷനുകളാണ് കാണിക്കുന്നത്, മുൻ വർഷം SC/ST വിഭാഗക്കാർക്ക് 500 രൂപയും മറ്റ് വിഭാഗക്കാർക്ക് 1000 രൂപയും ആണ് അപേക്ഷ ഫീസ് ഈടാക്കിയിരുന്നത് ഇതനുസരിച്ചുള്ള ഫീസ് നിർണ്ണയിക്കുന്നതിനാണ് പ്രസ്തുത ലിങ്ക് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കാറ്റഗറി എന്ന ലിങ്കിൽ കമ്മ്യൂണിറ്റി വിഭാത്തിൽപ്പെട്ട മറ്റ് വിഭാഗങ്ങളുടെ ലിങ്ക് കൊടുക്കാത്തതിനാൽ അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് ഇത് സംശയത്തിന് ഇടയാക്കുന്നുണ്ട് . അപേക്ഷ സമർപ്പണത്തിലെ പ്രസ്തുത ലിങ്ക് ഉൾപ്പെടുന്ന ആദ്യ സ്റ്റെപ്പ് പൂർത്തീകരിച്ചതിന് ശേഷമേ മറ്റ് കമ്മ്യൂണിറ്റി ഉൾപ്പെടുന്ന ലിങ്ക് ലഭ്യമാകൂ ഇത് സംശയത്തിന് ഇടയാക്കുന്നു. അപേക്ഷ സമർപ്പണ വേളയിലെ ആദ്യ സ്റ്റെപ്പിൽ ചേർത്തിരിക്കുന്ന category എന്ന ഓപ്ഷൻ ഫീസ് നിർണ്ണയിക്കുന്നതിനും തുടർന്ന് വരുന്ന category എന്ന ഓപ്ഷൻ ബന്ധപ്പെട്ട കമ്മ്യൂണിറ്റി നിർണ്ണയിക്കുന്നതിനുമാണ്. ഇങ്ങനെ രണ്ട് കാറ്റഗറി വരുന്നത് സംശയത്തിനിടയാക്കുന്നതിനാൽ ഇവ ഒരുമിച്ച് ഒറ്റ കാറ്റഗറി ആയി നൽകുകയോ വിദ്യാർത്ഥികൾക്ക് സംശയത്തിനിടയാക്കാത്ത രീതിയിൽ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.

18. മുൻ വർഷം CAT അപേക്ഷാ സമർപ്പണ വേളയിൽ ഓൺലൈൻ പേയ്മെന്റ് ട്രാൻസാക്ഷനിലുള്ള അപാകത മൂലം ചില അപേക്ഷാർത്ഥികൾക്ക് പണം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇങ്ങനെ സംഭവിക്കുമ്പോൾ അപേക്ഷാർഥികൾക്ക് എന്ത് തുടർനടപടികൾ സ്വീകരിക്കണം എന്ന കാര്യത്തിൽ സംശയം ഉണ്ടാകാറുണ്ട്. സർവ്വകലാശാലയുടെ ഓൺലൈൻ പേയ്മെന്റിനുള്ള പോർട്ടലായ https://epay.mgu.ac.in എന്ന ലിങ്കിൽ ഓൺലൈൻ ആയി ഫീസ് അടക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന രീതിയിലുള്ള നിർദേശം നൽകുന്നുണ്ട് . **"പേയ്മെന്റ് ഇടയ്ക്ക് വച്ച് തടസപ്പെടുകയും നിശ്ചിത തുക അക്കൗണ്ടിൽ നിന്ന് നഷ്ടപ്പെടുകയും ചെയ്യുന്ന പക്ഷം പേയ്മെന്റ് ഹിസ്റ്ററി നോക്കി പേയ്മെന്റ് സ്റ്റാറ്റസ് ഉറപ്പ് വരുത്തേണ്ടതാണ്. പേയ്മെന്റ് സ്റ്റാറ്റസ്സ് പെൻഡിങ് എന്നാണെങ്കിൽ 05 - 30 മിനിറ്റിനകം സ്റ്റാറ്റസ് സക്സസ്/ ഫെയിൽ ആയി മാറുന്നതാണ്. സ്റ്റാറ്റസ് ഫെയിൽ കാണിക്കുകയും തുക അക്കൗണ്ടിൽ നിന്ന് നഷ്ടപ്പെടുകയുമാണെങ്കിൽ നഷ്ടപ്പെട്ട തുക 7 ദിവസത്തിനുള്ളിൽ അക്കൗണ്ടിൽ തിരികെ വരുത്തുന്നതാണ്"** പ്രസ്തുത രീതിയിൽ CAT പരീക്ഷയ്ക്ക് ഓൺലൈൻ ആയി ഫീസ് അടക്കുന്ന സമയത്ത് നൽകാവുന്നതും ഇത് അനുസരിച്ച് പയ്മെന്റ് ഹിസ്റ്ററി നോക്കി പയ്മെന്റ് സ്റ്റാറ്റസ് മനസിലാക്കുന്ന രീതിയിലുള്ള മാറ്റം പോർട്ടലിൽ വരുത്തുന്നത് പരിഗണിക്കാവുന്നതാണ്.

19. മേൽ ഖണ്ഡിക കണ്ടാലും അപേക്ഷാ സമർപ്പണ വേളയിൽ പേയ്മെന്റ് ഇടയ്ക്ക് വച്ച് നഷ്ടപ്പെടുന്നവർക്ക് 7 ദിവസത്തിനുള്ളിൽ നഷ്ടപ്പെട്ട തുക അക്കൗണ്ടിൽ തിരികെ എത്തും എന്നാണ് കാണിച്ചിരിക്കുന്നത്. CAT പരീക്ഷയ്ക്ക് ഫീസ് അടയ്ക്കുന്നത് അപേക്ഷാ സമർപ്പണ നടപടികളിലെ ഏറ്റവും അവസാന സ്റ്റെപ്പ് ആയാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസങ്ങളിൽ ഫീസ് അടക്കുന്ന അപേക്ഷാർഥിക്ക് അടക്കുന്ന തുക നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവരുടെ പേയ്മെന്റ് സ്റ്റാറ്റസ് പെൻഡിങ് കാണിക്കുകയും അവർ ഫൈനൽ സബ്മിഷൻ പൂർത്തീകരിക്കാതെ ഇരിക്കുകയും ചെയ്യുന്നു. CAT പരീക്ഷയ്ക്കുള്ള അപേക്ഷ സമർപ്പണം പൂർത്തിയായതിന് ശേഷം ഓരോ പ്രോഗ്രാമിലേക്കുമുള്ള അപേക്ഷ സമർപ്പണം പൂർത്തിയാക്കിയവരുടെ ലിസ്റ്റ് എടുക്കുകയും, ഇവർക്ക് രജിസ്റ്റർ നമ്പർ അലോട്ട് ചെയ്യുകയും, പരീക്ഷാ കേന്ദ്രങ്ങളിൽ ഹാജരാക്കാൻ അപേക്ഷാർത്ഥികളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ ഡേറ്റ ഈ സമയത്ത് എടുക്കേണ്ടതുണ്ട്. പയ്മെന്റ് ഫെയിൽ ആയി പോകുകയും അതുമൂലം അപേക്ഷ ഫൈനൽ സബ്മിഷൻ

Draft #3 of File 52439/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Jan-2020 03:38 PM - Page 8

Scanned by CamScanner

പൂർത്തിയാക്കാൻ സാധിക്കാത്ത അപേക്ഷാർത്ഥിയുടെ വിവരങ്ങൾ CAT പരീക്ഷ എഴുതുന്നതിന് വേണ്ടി ചെയ്യേണ്ട മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സെക്ഷനിൽ നിന്ന് ചെയ്യുവാൻ സാധിക്കുകയില്ല. പേയ്മെൻറ്റ് പെൻഡിങ് ആയി കിടക്കുന്നവരുടെ വിവരങ്ങൾ ഈ സമയത്ത് ലഭ്യമാകുകയില്ല എന്നാൽ പിന്നീട് 7 ദിവസത്തിനുള്ളിൽ ഏതെങ്കിലും അപേക്ഷാർത്ഥിയുടെ പേയ്മെൻറ്റ് സക്സസ്സ് ആകുകയാണെങ്കിൽ പ്രസ്തുത ജോലികൾ ചെയ്യുന്ന സെക്ഷന് ഇക്കാര്യം അറിയാൻ സാധിക്കുകയില്ല. , അല്ലെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യാൻ 7 ദിവസം കാത്ത് നിന്നതിന് ശേഷം പേയ്മെൻറ്റ് ഫെയിൽ ആകുന്നവരുടെ സക്സസ് ആകുന്നുണ്ടോ എന്ന് പരിശോധിച്ചതിന് ശേഷമേ സാധിക്കുകയുള്ളൂ. ഇത് പരീക്ഷാ ഷെഡ്യൂളിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടയാക്കും. അതിനാൽ CAT പരീക്ഷയ്ക്ക് ഫീസ് അടയ്ക്കുന്നത് ഏറ്റവും അവസാന സ്റ്റെപ്പ് ആയി ഉൾപ്പെടുത്താതെ അപേക്ഷാ നടപടിയുടെ ഇടയ്ക്ക് വച്ച് പേയ്മെൻറ്റ് നടത്തുന്നതിനുള്ള അവസരം നൽകിയാൽ പേയ്മെൻറ്റ് ഫെയിൽ ആകുന്ന അപേക്ഷാർത്ഥികൾ ഫൈനൽ സബ്മിഷൻ പൂർത്തീകരിക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. ഇക്കാര്യങ്ങൾ പരിഗണിച്ച് ഇതുസാരിച്ചുള്ള മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

20. CAT പരീക്ഷയുടെ അപേക്ഷാ സമർപ്പണ വേളയിൽ അപേക്ഷകർ പൂരിപ്പിക്കേണ്ട പ്രധാനപ്പെട്ട കോളങ്ങളിൽ കർസർ വയ്ക്കുമ്പോൾ പ്രസ്തുത ഭാഗത്ത് എന്താണ് അപേക്ഷകർക്ക് പൂരിപ്പിക്കേണ്ടത് എന്ന് വ്യക്തമായി കൊടുക്കുന്ന രീതിയിൽ (അനക്സറിൽ പറയുന്ന രീതിയിൽ) പോർട്ടലിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

21. CAT പരീക്ഷയ്ക്കുള്ള അപേക്ഷാ സമർപ്പിക്കുന്നതിനുള്ള വെബ്സൈറ്റിൻറെ അഡ്മിനിൽ കയറുന്നതിനുള്ള പാസ്സ്‌വേർഡ് സമയോചിതമായി മാറ്റം വരുത്താവുന്നതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Scanned by CamScanner

ANNEXURE

1. **Name**: Name must be entered in same as X$^{th}$ certificate/grade card/mark list, Once entered name cannot be edited. So care should be taken before filling.
2. **Password**: You should remember this password for your future log in. The password can be a combination of alphabets, numerals, and special character. It should contain at least 1 special character and 1 digit.
3. **Confirm password** : Re – type the password same as above.
4. **Mobile Number**: Enter the mobile number with out prefixing 0 or +91. This mobile number is used for future communication.
5. **Email id** : Enter your email id, This email id is used for future communication.

6) **D.O.B** : Date of Birth must be same as entered in the 10$^{th}$ class.

7) **Category** : If you are eligible as per norms for SC/ST reservation select SC/ST category else others.

8) **Captcha** : Enter the above image correctly.

9) **Pay Now** : Remit the application fee by clicking PAY NOW button which will redirect the applicant to the online payment gateway. Applicant can use credit card/debit card/internet banking facility for making payment.

10) **Caste** : Select the caste according to your community.

**Before claiming any bonus marks of NCC/NCC and weightage marks of Ex-Servicemen read the prospectus carefully and check whether you are eligible. Those who select one of the above, should produce relevant certificate at the time of certificate verification. If you are ineligible select Not Applicable.**

11) **Whether holder of NCC/NSS NCC/NSS certificate at the UG level** : The benefit of bonus marks can be availed by a candidates only under one category, either NSS or NCC

12) **Transgender :** 2 seats were additionally created for transgender category in addition to the existing seats in each programme in university.

13) **Ex- servicemen :** Applicants in this category should invariably produce the certificate in support of their claim at the time of certificate verification.

14) **Reg. Number & year of pass** : Those who are awaiting final semester result of qualifying exam need not fill

15) **Name of the university:** If you cannot find a university that you studied from the given list, you can chose 'other' from the list of options.

16) **Name of the Qualifying degree of the applicant: Please read the CAT MGU prospectus for details regarding eligibility conditions and selection criteria**

REGISTRAR (i/c)

Scanned by CamScanner